(സി) ഇതുവരെ ഈ റോഡിന്റെ പണിക്ക് എന്തു തുക ചെലവായിട്ടുണ്ട്;

(ഡി) ഇതിന്റെ പണി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

(ഇ) വളരെയേറെ ആളുകൾക്ക് പ്രയോജനപ്പെടുന്ന ഈ റോഡ് പൂർത്തിയാക്കാത്തതിനാൽ ജനങ്ങൾക്ക് ബുദ്ധിമുട്ട് സഹിക്കേണ്ടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) പ്രസ്തുത പണി ഏറ്റെടുത്ത കരാറുകാരൻ കുടിശ്ശികത്തുക നൽകാത്തതിനാൽ ഇപ്പോൾ പണി നിർത്തിവച്ചിരിക്കുകയാണ്. പ്രസ്തുത റോഡ് വില്ലേജ് റോഡ് വിഭാഗത്തിലായതിനാൽ തുക ഒന്നും വകയിരുത്തിയിട്ടില്ല.

(ബി) 68.1 ലക്ഷം രൂപ.

(സി) 30 ലക്ഷം രൂപ.

(ഡി) ബഡ്ജറ്റിൽ തുക ലഭ്യമാകുന്ന മുറയ്ക്ക് പണി പൂർത്തിയാക്കാൻ സാധിക്കും.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

71 (215) റോഡുകളുടെ അറ്റകുറ്റപ്പണികൾ

ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യൂ.ഡി. റോഡുകളിൽ ആത്യാവശ്യം അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ടെണ്ടർ എടുക്കാൻ കരാറുകാർ ഇല്ലാത്ത അവസ്ഥയിൽ പി.ഡബ്ല്യൂ.ഡി നേരിട്ട് പ്രസ്തുത ജോലികൾ ചെയ്യുന്നതിന് നടപടി നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബാധകമല്ല.

72 (216) ഇടുക്കി ജില്ലയിലെ റോഡു നിർമ്മാണം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ പൊതുമരാമത്തു വകുപ്പ് ഏതൊക്കെ റോഡിന്റെ നിർമ്മാണപ്രവർത്തനങ്ങളാണ് നിലവിൽ നടത്തുന്നതെന്നും ഓരോന്നും ഏത് ഘട്ടംവരെ ആയി എന്നും എന്നു പൂർത്തിയാകുമെന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നടപ്പുസാമ്പത്തികവർഷത്തിൽ ഏതൊക്കെ റോഡു നിർമ്മാണ പ്രവർത്തനങ്ങളാണ് ഇടുക്കിയിൽ നടത്തുവാൻ അനുമതിയായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി)വിവരം ശേഖരിച്ചുവരുന്നു.

73 (217) അറയ്ക്കപ്പടി മംഗലത്തുനട റോഡിന്റെ ശോച്യാവസ്ഥ

ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് താലൂക്കിൽ അറയ്ക്കപ്പടി മംഗത്തുനട റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഗതാഗത യോഗ്യമല്ലാത്ത പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി)8.75 കി.മി. നീളമുള്ള പ്രസ്തുത റോഡിന്റെ മെറ്റലിംഗ് ചെയ്യുന്നതിന് ടെണ്ടർ വിളിച്ചെങ്കിലും കരാറുകാരിൽനിന്ന് പ്രതികരണമൊന്നും ഉണ്ടായില്ല. ഇതിന്റെ തീരെ മോശമായ 1 കി.മീ. ദൂരം കരിങ്കല്ലുപാകി ഉപരിഭാഗം നിരപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വീണ്ടും ടെണ്ടർ വിളിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

74 (218) തിരുവനന്തപുരം ജില്ലയിലെ മേജർ ഡിസ്ട്രിക്ട് റോഡുകൾ

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ മേജർ ഡിസ്ട്രിക്ട് റോഡുകളായി പ്രഖ്യാപിച്ചിട്ടുള്ള എത്ര റോഡുകൾ ഉണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) ഈ റോഡുകളുടെ അറ്റകുറ്റപ്പണികൾ വർഷങ്ങളായി മുടങ്ങിക്കിടക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ഈ റോഡുകളുടെ അറ്റകുറ്റപ്പണികൾ അടിയന്തിരമായി ചെയ്തു തീർക്കാൻ ആവശ്യമായ ഉത്തരവ് നൽകാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ 83 റോഡുകൾ പുതുതായി എം.ഡി.ആർ. ആയി പ്രഖ്യാപിച്ചിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

† അനുബന്ധം- VI

LIBRARY ARCHIVES Kerala Legislative Assembly